

## നോമ്പ് ഒന്നാം തിങ്കൾ - മത്താ 5: 17-26

നിയമത്തെയോ പ്രവാചകരെയോ ഇല്ലാതാക്കാനല്ല പൂർത്തിയാക്കാനാണ് വന്നിരിക്കുന്നതെന്ന് ഈശോ വ്യക്തമാക്കുന്നു. നിയമമെന്നത് പഞ്ചഗ്രന്ഥിയെയും പ്രവാചകർ എന്നത് പ്രവചനഗ്രന്ഥങ്ങളെയും സൂചിപ്പിക്കുന്നു. നിയമവും പ്രവാചകരുമെന്നത് പഴയനിയമം മുഴുവനെയും അർഥമാക്കുന്നു. നിയമത്തിന്റെ യഥാർഥഅനുസരണമെന്നത് നിയമത്തിന്റെ ആന്തരികതയനുസരിച്ച് ജീവിക്കലാണ്. കൊല്ലരുത് എന്ന് പഴയനിയമം പഠിപ്പിക്കുന്നു (പുറ 20: 13). കൊല്ലാതിരുന്നാൽ പോരാ, പ്രത്യുത നാം പരസ്പരം സ്നേഹിക്കുകയും വേണം. സഹോദരനോടു കോപിക്കരുതെന്ന് ഈശോ മുന്നറിയിപ്പു നല്കുന്നു. കോപമാണ് മറ്റു തെറ്റുകളിലേക്ക് നയിക്കുന്നത്. കൊലപാതകവും കോപവും പരസ്പരം പൂരകങ്ങളാണ്. തീയ്ക്കുമുമ്പേ പുകയെന്നതുപോലെയാണ് കൊടിയതിന്മകൾക്കുമുമ്പേ കോപം ജ്വലിക്കുന്നത്.

ദൈവാത്മാവ് നമ്മെ വിശുദ്ധീകരിക്കുകയും അനുതാപവും മാനസാന്തരവും നല്കുകയും ചെയ്യുന്നു. അനുതപിക്കുക, സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു എന്ന് ഈശോയും യോഹന്നാനും പ്രസംഗിച്ചു (മത്താ 4: 17). അതുകേട്ട് ജനം മുഴുവനും മാനസാന്തരപ്പെട്ട് ജീവിതം നവീകരിക്കുന്നു. (1 സാമു 15: 22 ) അനുസരണം ബലിയേക്കാൾ ശ്രേഷ്ഠം. ഹൃദയമാണ് വസ്ത്രമല്ല കീറേണ്ടത്. നിന്റെ ദൈവമായ കർത്താവിങ്കലേക്ക് പിന്തിരിയുക. എല്ലാവരുമായി രമ്യപ്പെടുക.

''അനുരഞ്ജിതരായിത്തീർന്നീടാം നവമൊരു പീഠമൊരുക്കീടാം'' എന്നു ജനം പ്രത്യുത്തരിച്ചുകൊണ്ടാണല്ലോ സീറോമലബാർ കുർബാന ആരംഭിക്കുന്നത്. അനുരഞ്ജനത്തിന്റെ ആവശ്യകത വ്യക്തമാക്കുന്നതാണ് കുർബാനയിലെ സമാധാനാശംസയെന്ന് പൗരസ്ത്യആരാധനക്രമവ്യാഖ്യാതാവായ നർസായി പ്രസ്താവിക്കുന്നു. സഹോദരങ്ങളുമായുള്ള ആന്തരികഅനുരഞ്ജനത്തിന്റെയും ഐക്യത്തിന്റെയും ബാഹ്യമായ അടയാളമാണ് ഈ സമാധാനാശംസ. വിശ്വാസികൾ പരസ്പരം സമാധാനം കൈമാറുന്നത് വിദ്വേഷത്തിൽനിന്നും കോപത്തിൽനിന്നും മോഹവലയങ്ങളിൽനിന്നും ഹൃദയത്തെ വിശുദ്ധീകരിക്കുന്നതിന്റെ അടയാളമായിട്ടാണ്.